# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2105 04/11/2019-ൽ മറുപടിക്ക്

## പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിൽസ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ.റഹീം** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിൽസ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ആർ. ബി.എസ്. കെ, ഹൃദ്യം , ആരോഗ്യകിരണം എന്നീ പദ്ധതികൾ വഴി പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി നിലവിലുണ്ട്.<br><br><u>ആർ. ബി. എസ്. കെ</u><br>ആർ. ബി. എസ്. കെ. എന്ന പേരിൽ 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകളും, സേവനങ്ങളും തീർത്തും സൗജന്യമാക്കിയിരിക്കുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾവഴിയും, മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര ഉൾപ്പെടെയുള്ള ആശുപത്രികൾ വഴിയും ഇത്തരത്തിൽ കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാസേവനങ്ങൾ തികച്ചും സൗജന്യമാക്കി. നവജാത ശിശുക്കളിൽ ജൻമനാ ഉണ്ടാകുന്ന ജനിതകരോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്.<br><br><u>ഹൃദ്യം</u><br>സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ് കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ് വെയർ (Hridyam.in) വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമം ആക്കുകയും ചെയ്യുന്നു.<br>ആർ. ബി. എസ്. കെ., ഹൃദ്യം പദ്ധതികളുടെ ഗുണഭോക്താവ് ആകുന്നതിന് വരുമാന പരിധി ബാധകമല്ല. 18 വയസ്സിന് താഴെയുള്ള ഏതൊരു കുട്ടിക്കും പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭ്യമാകും. |

| | | | |
|---|---|---|---|
| | | | ആരോഗ്യകിരണം<br>18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികളും ആരോഗ്യകിരണം പദ്ധതിയുടെ ഗുണഭോക്താക്കളാണ്. എല്ലാ ആദായനികുതിദായകർ, സർക്കാർ ഉദ്യോഗസ്ഥരുടെ മക്കൾ തുടങ്ങിയവർക്ക് പദ്ധതിയുടെ ഗുണം ലഭിക്കുന്നില്ല.<br>കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കാൻസർ സുരക്ഷാ, താലോലം എന്നീ പദ്ധതികൾ പ്രകാരം 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. |
| ബി) | ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിൽസയാണ് ഈ പദ്ധതി പ്രകാരം നൽകിവരുന്നത് എന്ന് അറിയിക്കുമോ; | ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | ഏതെല്ലാം ആശുപത്രികൾ മുഖേനയാണ് ചികിൽസ നൽകുന്നതെന്ന് വിശദമാക്കാമോ? | സി) | എല്ലാ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സർക്കാർ ആശുപത്രികളിലും പ്രസ്തുത പദ്ധതികൾ ലഭ്യമാണ്. തിരുവനന്തപുരം ശ്രീ ചിത്രാ ആശുപത്രിയെ ആർ. ബി. എസ്. കെ. പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. ജന്മനായുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എസ്.എ.റ്റി. തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോട്ടയം, മെഡിക്കൽ കോളേജ് കോഴിക്കോട്, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം വഴിയും ഹൃദ്യം പദ്ധതി നടന്നുവരുന്നു. ഹൃദ്യം പദ്ധതിക്കായി സ്വകാര്യ ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്,കൊച്ചി, ആസ്റ്റർ മെഡിസിറ്റി കൊച്ചി, ലിസ്സി ഹോസ്പിറ്റൽ എറണാകുളം, ബെലീവേഴ് സ് ചർച്ച് ആശുപത്രി, തിരുവല്ല, മിം്സ് ആശുപത്രി, കോഴിക്കോട് എന്നീ ആശുപത്രികളെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സക്ക് മാത്രമായി ആർ.ബി.എസ്.കെ മാർഗ്ഗനിർദ്ദേശാനുസരണം എംപാനൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ആർ.ബി.എസ്.കെ മാർഗ്ഗനിർദ്ദേശ പ്രകാരം താഴെ കൊടുത്തിരിക്കുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും, ആവശ്യമായ ശസ്ത്രക്രിയയും ദേശീയ ആരോഗ്യദൗത്യം വഴി സൗജന്യമാക്കിയിരിക്കുന്നു.

**ജനനവൈകല്യങ്ങൾ (Defects at Birth)**

- ന്യൂറൽ ട്യൂബ് ഡിഫക്ട് (Neural Tube Defect)
- ഡൗസിൻഡ്രോം (Down Syndrome)
- മുറിച്ചുണ്ട് (Cleft lip)
- അണ്ണാക്കിലെ വിടവുകൾ (Palate/ Cleft Palate alone)
- കാല്പാദ വൈകല്യങ്ങൾ - Talipes (Club foot)
- അരക്കെട്ടിനു ഉണ്ടാകുന്ന വികാസവൈകല്യം ((Developmental Pysplasia of the Hip)
- ജന്മനാലുള്ള തിമിരം ((Congenital Cataract)
- ജന്മനാലുള്ള കേൾവിക്കുറവ് (Congenital Deafness)
- ജന്മനാലുള്ള ഹൃദ്രോഗം (Congenital Heart Diseases)
- Retinopathy of Prematurity ( മാസം തികയാതെ പ്രസവിക്കുന്നത് കൊണ്ട് കണ്ണിലെ റെറ്റിനയ്ക്കുണ്ടാകുന്ന തകരാറുകൾ)

**ന്യൂനതകൾ (Deficiencies)**

- വിളർച്ചയും ഗുരുതരമായ അനീമിയയും
- വിറ്റാമിൻ A യുടെ കുറവ് (Bitot Spot)
- വിറ്റാമിൻ D യുടെ കുറവ് (Rickets)
- ഗുരുതരമായ പോഷകാഹാരക്കുറവ്
- തൊണ്ടവീക്കം (Goiter)

**ശൈശവ രോഗങ്ങൾ (Childhood Diseases)**

- ത്വക്ക് രോഗങ്ങൾ (Scabies, Fungal Infection and Eczema)
- ചെവിക്കുള്ളിലെ അണുബാധ (Otitis Media)
- റുമാറ്റിക്ക് ഹൃദ്രോഗം (Rhumatic Heart Disease)
- പല്ലിലെ പോട് (Dental caries)
- ജന്നിരോഗങ്ങൾ (Convulsive Disorders)

**വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും (Developmental delays and Disabilities)**

- കാഴ്ചക്കുറവ്
- കേൾവിക്കുറവ്
- Neuro-Motor impairment (ചലനവൈകല്യങ്ങൾ)
- Motor delay
- ബുദ്ധിപരമായ വികാസത്തിലുള്ള കാലതാമസം (Cognitive Delay)
- ഭാഷാപരമായ വികാസത്തിലുള്ള കാലതാമസം (Language Delay)
- ഓട്ടിസം (Autism)
- പഠനവൈകല്യം (Learning Disorder)
- എ.ഡി.എച്ച്.ഡി (Attention Deficit Hyperactivity Disorder)
- Congenital Hypothyroidism, Sickle Cell Anaemia, Beta Thalassemia (ബീറ്റാതലസീമിയ) (Optional)

സെക്ഷൻ ഓഫീസർ